നം - എൻ2/35644/2019/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 17/10/2019
Phone No. 0471 – 2328438
Email: dgescholarship@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ് 2019-20 - അപേക്ഷ-വിജ്ഞാപനം - സംബന്ധിച്ച അറിയിപ്പ്.

സൂചന :- 1. പിന്നാക്ക വിഭാഗവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ BCDIR/B2/200/19(3) തീയതി. 24/09/2019

2. ഡയറക്ടറുടെ വിജ്ഞാപനം നം. BCDIR/B2/200/19 തീയതി. 24/09/2019

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽപ്പെടുന്ന (ഒ.ബി.സി വിഭാഗം) വിദ്യാർത്ഥികൾക്ക് 2019-20 വർഷത്തെ ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ സൂചനകൾ പ്രകാരം സമർപ്പിക്കാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ കുട്ടി പഠിക്കുന്ന സ്കൂളിലെ പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക വഴി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന **അവസാന തീയതി. 25/10/2019 ആണ്.** അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകരുടെ വിവരങ്ങൾ (2019 ഒക്ടോബർ 1 മുതൽ ഒക്ടോബർ 31 വരെ) www. scholarship.itschool.gov.in എന്ന വെബ്സൈറ്റ് വഴി പ്രഥമാധ്യാപകർ ഓൺലൈൻ ആയി രേഖപ്പെടുത്തി നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.bcdd.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ആർ. എസ്. ഷിബു
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

പകർപ്പ് - 1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE - വിദ്യാഭ്യാസ വകുപ്പിന്റെയും ഐ.ടി@സ്കൂളിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി

2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും.

